**14 -ാം കേരള നിയമസഭ**

**22 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1972** **20-01-2021 - ൽ മറുപടിയ്ക്ക്**

**ഓൺലൈൻ ചൂതാട്ട ഗെയിമുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.കെ .എൻ .എ. ഖാദർ ,<br>ശ്രീ. കെ എം ഷാജി ,<br>ശ്രീ.പി. കെ. ബഷീർ ,<br>ശ്രീ . പാറക്കൽ അബ്ദുല്ല | | Shri. Pinarayi Vijayan<br>(മുഖ്യമന്ത്രി) | |
| (എ) | യുവാക്കളെ കടക്കെണിയിലേക്കും ആത്മഹത്യയിലേക്കും തള്ളിവിടുന്ന ഓൺലൈൻ ചൂതാട്ട ഗെയിമുകൾ സംസ്ഥാനത്ത് സജീവമാണെന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | ഇത്തരം ഗെയിമുകളെ നിയന്ത്രിക്കുന്നതിന് നിയമമുണ്ടോ; ഇല്ലെങ്കിൽ നിയമനിർമ്മാണം നടത്തുന്ന കാര്യം പരിഗണനയിലുണ്ടോ; വിശദാംശം അറിയിക്കുമോ? | (ബി) | നിലവിൽ പരിഗണനയിലില്ല. ഇത് സംബന്ധിച്ച് ഒരു പ്രിലിമിനറി എൻക്വയറി നടത്തുന്നതിന് ക്രൈം ബ്രാഞ്ചിന് സംസ്ഥാന പോലീസ് മേധാവി നിർദ്ദേശം നൽകിയിട്ടുണ്ട്. ഈ വിഷയത്തിൽ സൈബർ ഡോം കാര്യക്ഷമമായ സൈബർ പട്രോളിംഗ് നടത്തി ഇത്തരം ആപ്പുകളെ കണ്ടെത്താനും നിരീക്ഷിക്കാനുമുള്ള നടപടി സ്വീകരിച്ചു വരുന്നു. ഇത്തരം ആപ്പുകൾക്കും ഗെയിമുകൾക്കുമെതിരെ പൊതു ജനങ്ങളെയും വിദ്യാർത്ഥികളെയും ബോധൽക്കരിക്കുന്നതിനായി സോഷ്യൽ മീഡിയ സെൽ, ജനമൈത്രി സുരക്ഷാ പദ്ധതി, എസി.പി.സി പദ്ധതി എന്നിവ മുഖേന നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ